**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1832** **13-02-2025 - ൽ മറുപടിയ്ക്ക്**

**മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിലെ താത്കാലിക ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിൽ നിലവിലുള്ള താത്കാലിക ജീവനക്കാരെ നിയമിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ; | (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിൽ നിലവിലുള്ള താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ട് 2 മുതൽ 13 വർഷം വരെയായിട്ടുണ്ട്. |
| (ബി) | അവരെ നിയമിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി അല്ലെങ്കിൽ ഓരോ തസ്തികയ്ക്കും പിഎസ്.സി/ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി മുഖാന്തിരം അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് താൽക്കാലിക നിയമനം നടത്തുന്നത്. |
| (സി) | അപ്രകാരം നിയമിച്ചവരിൽ എത്രപേർ നിലവിൽ ജോലിയിൽ തുടരുന്നുവെന്നും സേവന കാലയളവിൽ അവർക്ക് നൽകിയ വേതനം എത്രയാണെന്നും വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ 24 ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങളിലായി നിലവിൽ ആകെ 76 ജീവനക്കാർ കരാറടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നു. വിവിധ യുവജന പരിശീലനകേന്ദ്രങ്ങളിലെ കരാർ ജീവനക്കാർക്ക് സമാഹൃത വേതനം ഇനത്തിൽ ആകെ **17,40,80,329/- രൂപ** അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ